# കേരളസർവകലാശാല

നം.പി.ആർ.3/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം -2020
### ജനറൽ/മറ്റു വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് തിരുവനനന്തപുരം മേഖല
### ജനുവരി 7 ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ /യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ജനറൽ/മറ്റു സംവരണ വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റ് ജനുവരി 7 – ാം തീയതി സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ഹാളിൽ നടത്തുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിനായി ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം സെനറ്റ് ഹാളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം രാവിലെ 8 മണി മുതൽ 10 മണി വരെ. സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)**

### 2021–23 വർഷത്തെ പ്രൈവറ്റ് രജിസ്ട്രേഷന് ജനുവരി 7 മുതൽ അപേക്ഷിക്കാം

കേരളസർവകലാശാലയുടെ 2021–23 വർഷത്തിലെ ബി.എ./ബി.കോം./ബി.എ. അഫ്സൽ–ഉൽ–ഉലാമ/ബി.ബി.എ/ബി.കോം. അഡീഷണൽ ഇലക്ടീവ് (കോ–ഓപ്പറേഷൻ) 2020 അഡ്മിഷൻ എന്നീ വാർഷിക കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന ജനുവരി 7 മുതൽ അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ പിഴകൂടാതെ ജനുവരി 27 വരെ സ്വീകരിക്കും. വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ www.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ജനുവരി 7 മുതൽ ലഭ്യമാണ്.

## കേരളസർവകലാശാല യൂണിയൻ (2019–2020) ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

കേരളസർവകലാശാല സെനറ്റിലേക്കും സ്റ്റുഡന്റ്സ് കൗൺസിലിലേക്കുമുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും കേരളസർവകലാശാല യൂണിയൻ (2019–2020) ഭാരവാഹികളുടേയും തെരഞ്ഞെടുപ്പ് ജനുവരി 8 ന് രാവിലെ 10 മണി മുതൽ സർവകലാശാല സെനറ്റ് ഹാളിൽ വച്ച് നടത്തുന്നതായിരിക്കും. വോട്ടർ ഐ.ഡി. കാർഡ് ലഭിക്കാത്ത കൗൺസിലർമാർ തങ്ങളുടെ രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകളും കോളേജ് ഐഡന്റിറ്റി കാർഡ്/പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം എന്നിവ സഹിതം സർവകലാശാലയിൽ എത്തി വോട്ടർ ഐഡന്റിറ്റി കാർഡ് കൈപ്പറ്റേണ്ടതാണ്.

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല ജനുവരി 8 ന് നടത്താനിരുന്ന ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകൾ ജനുവരി 15 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. മറ്റു ദിവസങ്ങളിലെ പരീക്ഷകൾക്ക് മാറ്റമില്ല.

## സൂക്ഷ്മപരിശോധന – തീയതി നീട്ടി

2019 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി. സുവോളജി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കും അവസാന തീയതി ജനുവരി 11 വരെ നീട്ടിയിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
05.01.2021

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in